**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6572

**01/11/2011 ൽ മറുപടിയ്ക്ക്**

## ഇട്ടി അച്യുതൻ സ്മാരക ഗവൺമെന്റ് ആയൂർവ്വേദ ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ചേർത്തല ഇട്ടി അച്യുതൻ സ്മാരക ഗവൺമെന്റ് ആയൂർവ്വേദ ആശുപത്രിക്ക് സൗകര്യങ്ങൾ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിരവധി രോഗികൾ പ്രതിദിനം ചികിത്സയ്ക്കെത്തുന്ന പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുവാനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ; | (ബി) ആശുപത്രിയുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2 തെറാപ്പിസ്റ്റുമാരെ എൻ.ആർ.എച്ച്.എം. മുഖേന നിയമിച്ചിട്ടുണ്ട്. ആശുപത്രിയുടെ നവീകരണത്തിനായി 63.36 ലക്ഷം രൂപയുടെ 'ആയുഷ്' സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ട സംവിധാനങ്ങൾ ഉണ്ടാക്കുമോ; | (സി) ടി ആശുപത്രി 30 കിടക്കകളോട് കൂടിയ ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഡി) ഇട്ടി അച്യുതൻ വൈദ്യരുടെ സ്മരണ നിലനിർത്തുംവിധം ചേർത്തല ഇട്ടി അച്യുതൻ സ്മാരക ഗവൺമെന്റ് ആയൂർവ്വേദ ആശുപത്രിയെ ഉന്നത നിലവാരത്തിലേക്കുയർത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ